**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 516** **23-02-2022 - ൽ മറുപടിയ്ക്ക്**

**പള്ളിക്കത്തോട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പള്ളിക്കത്തോട് സബ് ട്രഷറി കെട്ടിട നിർമാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | 14/07/2020-ലെ സ. ഉ(സാധാ) നം . 4140/2020/ ധന പ്രകാരം പള്ളിക്കത്തോട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിട്ടു നൽകുന്നതിനു തീരുമാനിച്ചിട്ടുള്ള ഭൂമി കൈമാറി നൽകുന്നതിനായി ട്രഷറി ഡയറക്ടർ ഒപ്പിട്ട റിക്വിസിഷൻ ഫോം 30/11/2019-നു കോട്ടയം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട് . എന്നാൽ നാളിതുവരെ പ്രസ്തുത ഭൂമി ട്രഷറി വകുപ്പിന് കൈമാറികിട്ടിയിട്ടില്ല. |
| (ബി) | പ്രസ്തുത ആവശ്യത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം ഇതിനായി കൈമാറുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അഞ്ച് വർഷത്തിലധികമായി പദ്ധതി നടപടികൾ മുന്നോട്ട് പോകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ആവശ്യത്തിന് നാളിതുവരെ സ്ഥലം കൈമാറി കിട്ടിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം ട്രഷറി വകുപ്പിനു കൈമാറുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമെന്ന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിട്ടു നൽകുന്നതിനു തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ ബ്ലോക്കിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിക്ഷേപിച്ചിട്ടുള്ള മണ്ണ് ലേലംചെയ്യുന്നതിനുള്ള തുടർ നടപടികളും പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന മരങ്ങൾ ലേലം ചെയ്ത് മാറ്റുന്ന പ്രവൃത്തിയും നടത്തുന്നതിനുള്ള നടപടി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടന്നു വരികയാണ്. പള്ളിക്കത്തോട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കൈമാറി കിട്ടുന്ന മുറക്ക് തുടർ നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്. |
| (സി) | നടപടികൾ ത്വരിതപ്പെടുത്തി കെട്ടിട നിർമാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ? | (സി) | പുതിയ കെട്ടിട നിർമ്മാണത്തിനായി റവന്യൂ അധികൃതരിൽ നിന്ന് സ്ഥലം കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ